**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 303** **05-08-2021 - ൽ മറുപടിയ്ക്ക്**

**ലോട്ടറി മേഖലയുടെ പുനരുജ്ജീവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ . മുഹമ്മദ് മുഹസിൻ | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് മൂലം ലോട്ടറി മേഖലയ്ക്കുണ്ടായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കോവിഡ് - 19 വ്യാപനം മറ്റെല്ലാ മേഖലയിലുമെന്ന പോലെ ഭാഗ്യക്കുറി മേഖലയേയും സാരമായി ബാധിച്ചിട്ടുണ്ട്. കോവിഡ് - 19 ഒന്നാം ഘട്ട ലോക്ക്ഡൗൺ പശ്ചാത്തലത്തിൽ ലോട്ടറി മേഖലയിലെ തൊഴിലാളികളുടെ സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുത്ത് കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിലെ സജീവ അംഗങ്ങൾക്ക് കോവിഡ് ആശ്വാസ ധനസഹായമായി 1,000/- രൂപ വീതം രണ്ട് ഗഡുക്കളായി നൽകിയിരുന്നു. സജീവ അംഗങ്ങൾക്കും പെൻഷൻകാർക്കും ഭാഗ്യക്കുറി ടിക്കറ്റ് വാങ്ങുന്നതിന് യഥാക്രമം 3,500/- രൂപയുടെയും 2,000/- രൂപയുടെയും ഭാഗ്യക്കൂപ്പണുകൾ വിതരണം ചെയ്യുകയുണ്ടായി. തൊഴിൽ മേഖലയിൽ സുരക്ഷിതരായി തുടരുന്നതിലേക്കായി ഒരു ജോഡി മാസ്ക്, സാനിറ്റൈസർ എന്നിവ സൗജന്യമായി വിതരണം ചെയ്തു. രണ്ടാംഘട്ട ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ എല്ലാ സജീവ അംഗങ്ങൾക്കും 1,000/- രൂപ വീതം അടിയന്തിര ആശ്വാസ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. അംഗത്വ കാലാവധി ഒരു വർഷം പൂർത്തിയാക്കിയ സജീവ അംഗങ്ങൾക്കും, 2021 ജൂലൈ 31 വരെയുള്ള കാലയളവിനുള്ളിൽ അംശദായ കുടിശ്ശിക ഒടുക്കി സജീവമാകുന്ന അംഗങ്ങൾക്കും 3,000/- രൂപ വീതവും പ്രസ്തുത വർഷം ഏപ്രിൽ 1 മുതൽ പെൻഷന് അർഹത നേടുന്ന പെൻഷൻകാർക്ക് 1,000/- രൂപ വീതവും ഭാഗ്യക്കുറി ടിക്കറ്റ് വാങ്ങുന്നതിലേക്കായി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സമ്മാനങ്ങളുടെ എണ്ണത്തിൽ 12960 വർദ്ധനവ് വരുത്തിയും സമ്മാന വിഹിതം 1.5% വർദ്ധിപ്പിച്ചും 100 രൂപ ഒഴികെയുള്ള സമ്മാനങ്ങളുടെ ഏജൻസി |

| | | | |
|---|---|---|---|
| | | | പ്രൈസ് 2% വർദ്ധിപ്പിച്ചും 100 രൂപ സമ്മാനങ്ങളുടെ ഏജൻസി പ്രൈസ് 10% ത്തിൽ നിന്നും 20% മായി ഉയർത്തിയും ഏജൻസി ഡിസ്കൗണ്ട് സ്ലാബിൽ ഓരോന്നിലും 0.5% വീതം വർദ്ധനവ് വരുത്തിയിട്ടുണ്ട്. കോവിഡ് - 19 ന്റെ ഒന്നും രണ്ടും ഘട്ട വ്യാപനവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിരുന്ന ലോക്ഡൗൺ ഉൾപ്പെടെയുള്ള നിയന്ത്രണങ്ങൾ നിമിത്തം നാളിതു വരെ 237 - ഓളം ഭാഗ്യക്കുറികൾ റദ്ദ ചെയ്തിട്ടുണ്ട്. ആയത് സർക്കാരിന് എന്ന പോലെ ഭാഗ്യക്കുറി മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് വരുമാന നഷ്ടം വരുത്തുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഇത്തരം പ്രതിസന്ധി ഘട്ടങ്ങളിൽ നിന്നും കരകയറുന്നതിനായി ലോക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവുകൾ അനുവദിച്ചു വരുന്ന സാഹചര്യത്തിൽ ആഴ്ചയിൽ മൂന്നു വീതം നറുക്കെടുപ്പുകൾ തുടങ്ങുകയും അതുവഴി തൊഴിലാളികളുടെ ജീവനോപാധി കണ്ടെത്താനായി ശ്രമിക്കുകയും ചെയ്യുന്നു. |
| (ബി) | കോവിഡ് മൂലം പ്രതിസന്ധിയിലായ ലോട്ടറി മേഖലയുടെ പുനരുജ്ജീവനത്തിനായി നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കോവിഡ് - 19 വ്യാപനം മറ്റെല്ലാ മേഖലയിലുമെന്ന പോലെ ഭാഗ്യക്കുറി മേഖലയേയും സാരമായി ബാധിച്ചിട്ടുണ്ട്. കോവിഡ് - 19 ഒന്നാം ഘട്ട ലോക്ക്ഡൗൺ പശ്ചാത്തലത്തിൽ ലോട്ടറി മേഖലയിലെ തൊഴിലാളികളുടെ സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുത്ത് കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിലെ സജീവ അംഗങ്ങൾക്ക് കോവിഡ് ആശ്വാസ ധനസഹായമായി 1,000/- രൂപ വീതം രണ്ട് ഗഡുക്കളായി നൽകിയിരുന്നു. സജീവ അംഗങ്ങൾക്കും പെൻഷൻകാർക്കും ഭാഗ്യക്കുറി ടിക്കറ്റ് വാങ്ങുന്നതിന് യഥാക്രമം 3,500/- രൂപയുടെയും 2,000/- രൂപയുടെയും ഭാഗ്യക്കൂപ്പണുകൾ വിതരണം ചെയ്യുകയുണ്ടായി. തൊഴിൽ മേഖലയിൽ സുരക്ഷിതരായി തുടരുന്നതിലേക്കായി ഒരു ജോഡി മാസ്ക്, സാനിറ്റൈസർ എന്നിവ സൗജന്യമായി വിതരണം ചെയ്തു. രണ്ടാംഘട്ട ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ എല്ലാ സജീവ അംഗങ്ങൾക്കും 1,000/- രൂപ വീതം അടിയന്തിര ആശ്വാസ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. അംഗത്വ കാലാവധി ഒരു വർഷം പൂർത്തിയാക്കിയ സജീവ അംഗങ്ങൾക്കും, 2021 ജൂലൈ 31 വരെയുള്ള കാലയളവിനുള്ളിൽ അംശദായ കുടിശ്ശിക ഒടുക്കി സജീവമാകുന്ന അംഗങ്ങൾക്കും 3,000/- രൂപ വീതവും പ്രസ്തുത വർഷം ഏപ്രിൽ 1 മുതൽ പെൻഷന് അർഹത നേടുന്ന പെൻഷൻകാർക്ക് 1,000/- രൂപ വീതവും ഭാഗ്യക്കുറി ടിക്കറ്റ് വാങ്ങുന്നതിലേക്കായി |

| | | | |
|---|---|---|---|
| | | | നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സമ്മാനങ്ങളുടെ എണ്ണത്തിൽ 12960 വർദ്ധനവ് വരുത്തിയും സമ്മാന വിഹിതം 1.5% വർദ്ധിപ്പിച്ചും 100 രൂപ ഒഴികെയുള്ള സമ്മാനങ്ങളുടെ ഏജൻസി പ്രൈസ് 2% വർദ്ധിപ്പിച്ചും 100 രൂപ സമ്മാനങ്ങളുടെ ഏജൻസി പ്രൈസ് 10% ത്തിൽ നിന്നും 20% മായി ഉയർത്തിയും ഏജൻസി ഡിസ്കൗണ്ട് സ്ലാബിൽ ഓരോന്നിലും 0.5% വീതം വർദ്ധനവ് വരുത്തിയിട്ടുണ്ട്. കോവിഡ് - 19 ന്റെ ഒന്നും രണ്ടും ഘട്ട വ്യാപനവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിരുന്ന ലോക്ഡൗൺ ഉൾപ്പെടെയുള്ള നിയന്ത്രണങ്ങൾ നിമിത്തം നാളിതു വരെ 237 - ഓളം ഭാഗ്യക്കുറികൾ റദ്ദ് ചെയ്തിട്ടുണ്ട്. ആയത് സർക്കാരിന് എന്ന പോലെ ഭാഗ്യക്കുറി മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് വരുമാന നഷ്ടം വരുത്തുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഇത്തരം പ്രതിസന്ധി ഘട്ടങ്ങളിൽ നിന്നും കരകയറുന്നതിനായി ലോക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവുകൾ അനുവദിച്ചു വരുന്ന സാഹചര്യത്തിൽ ആഴ്ചയിൽ മൂന്നു വീതം നറുക്കെടുപ്പുകൾ തുടങ്ങുകയും അതുവഴി തൊഴിലാളികളുടെ ജീവനോപാധി കണ്ടെത്താനായി ശ്രമിക്കുകയും ചെയ്യുന്നു. |
| (സി) | സാമൂഹിക ലക്ഷ്യം മുൻനിർത്തി ലോട്ടറികൾ വിഭാവനം ചെയ്യുക എന്ന ആശയ സാക്ഷാത്ക്കാരത്തിനായി കൂടുതൽ ലോട്ടറികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | നിലവിലെ സാഹചര്യത്തിൽ പുതിയ ഭാഗ്യക്കുറികൾ ആരംഭിക്കുന്നതും അത് വിജയപ്രാപ്തിയിലേക്ക് എത്തിക്കുന്നതും പ്രയാസകരമാണ്. |
| (ഡി) | ലോട്ടറി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. ഭാഗ്യക്കുറി ടിക്കറ്റുകളുടെ സ്കീം ക്രിയേഷനിൽ തുടങ്ങി സമ്മാന വിതരണം വരെ നിർവ്വഹിക്കുന്നതിനായി ലോട്ടറി വകുപ്പ് NIC മുഖാന്തിരം Automated Software സംവിധാനം നടപ്പിൽ വരുത്തി. ഭാഗ്യക്കുറി മേഖലയിൽ വ്യാജ ലോട്ടറികൾ തടയുന്നതിനായി Relief pattern, Opaque Text, Void Pandograph Micro Text തുടങ്ങിയ സെക്യൂരിറ്റി ഫീച്ചറുകൾ ഏർപ്പെടുത്തി. വകുപ്പ് വിൽപ്പനയ്ക്കായി മാർക്കറ്റിൽ എത്തിക്കുന്ന ടിക്കറ്റുകളുടെ Genuineness പരിശോധിക്കുന്നതിന് 'ഭാഗ്യകേരളം' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കിയിട്ടുണ്ട്. സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടത്തിവരുന്ന നറുക്കെടുപ്പ് പ്രക്രിയ കുടുതൽ സുതാര്യമാക്കുന്നതിനായി നാലോളം ചാനലുകളിൽ നറുക്കെടുപ്പിന്റെ തത്സമയ സംപ്രേക്ഷണം ആരംഭിച്ചു. ഭാഗ്യക്കുറി വകുപ്പിലെ പത്തൊൻപതോളം ഓഫീസുകളിൽ CCTV |

| | | | |
|---|---|---|---|
| | | | സംവിധാനം ഏർപ്പെടുത്തുകയും Attendence രേഖപ്പെടുത്താൻ Biometric സംവിധാനം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ലോട്ടറി ടിക്കറ്റ് വില്പന മേഖലയിലെ അനാശാസ്യ പ്രവണതകൾ കണ്ടെത്തുന്നതിനും തടയുന്നതിനും, ഓാഫീസുകളിലെ വില്പന സംബന്ധിച്ച് പരാതികൾ അന്വേഷിക്കുന്നതിനും വകുപ്പുതലത്തിൽ Internal Vigilance വിഭാഗം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ